**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

നമ്പർ. 26895/AD A1/3/എ ഡി എ 1/AD A 1

തീയതി: 12.10.2021

പ്രിയദർശിനി ഹിൽസ്,

**<u>സർക്കുലർ</u>**

വിഷയം:- ഭരണകാര്യം: സർവ്വകലാശാല ദിവസ വേതന ജീവനക്കാരുടെ വേതന തീയതി - പരിഷ്കരിക്കുന്നത് - സംബന്ധിച്ച്.

സൂചന :- വൈസ് ചാൻസലറുടെ ചുമതല വഹിക്കുന്ന പ്രോ വൈസ് ചാൻസലറുടെ 06.10.2021 തീയതിയിലെ ഉത്തരവോടു കൂടിയ രജി/01/132/2021 നമ്പർ കുറിപ്പ്.

സർവ്വകലാശാലയിലെ ദിവസ വേതന ജീവനക്കാരുടെ വേതനം നിലവിൽ ഓരോ മാസവും 1 മുതൽ 30/31 തീയതി വരെയുള്ള ഹാജർ നില കണക്കാക്കി സമർപ്പിക്കുന്ന ബില്ലുകളുടെ അടിസ്ഥാനത്തിലാണ് വിതരണം ചെയ്തു വരുന്നത്. ഇതു മൂലം ഓരോ മാസവും 10 -ാം തീയതിയോടു കൂടി മാത്രമേ ടി ജീവനക്കാരുടെ വേതനം വിതരണം പൂർത്തിയാക്കുവാൻ സാധിക്കുകയുള്ളൂ. ആയത് ടി വിഭാഗം ജീവനക്കാർക്ക് പ്രയാസങ്ങൾ സൃഷ്ടിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിരിക്കുന്നു. ആയതിൻറെ അടിസ്ഥാനത്തിൽ, ദിവസ വേതന ജീവനക്കാരുടെ വേതന തീയതി പരിഷ്കരിക്കുന്നത് സംബന്ധിച്ച് താഴെ പറയുന്ന നിർദ്ദേശങ്ങൾ സൂചന പ്രകാരം വൈസ് ചാൻസലറുടെ ചുമതല വഹിക്കുന്ന പ്രോ വൈസ് ചാൻസലറുടെ അംഗീകാരത്തോടെ നടപ്പിൽ വരുത്തുന്നു.

- എല്ലാ വിഭാഗം ദിവസ വേതന ജീവനക്കാരുടെയും വേതനം പോയ മാസം 26 മുതൽ തൻമാസം 25 വരെയുള്ള ഹാജർ കണക്കാക്കി വിതരണം ചെയ്യേണ്ടതാണ്. ഇതിലൂടെ ദിവസ വേതന ജീവനക്കാരുടെ വേതന വിതരണം അതാത് മാസം 5-ാം തീയതിക്കുള്ളിൽ പൂർത്തിയാക്കുവാൻ സാധിക്കുന്നതാണ്.
- ഇപ്രകാരം മാറ്റം വരുത്തുമ്പോൾ ആദ്യ മാസമായ 2021 ഒക്ടോബർ മാസത്തെ വേതനം ഓക്ടോബർ 1 മുതൽ 25 തീയതി വരെയുള്ള ഹാജർ കണക്കാക്കി നൽകേണ്ടതാണ്.
- തുടർന്നുള്ള മാസങ്ങളിൽ 26 മുതൽ അടുത്ത മാസം 25 വരെ എന്ന തീയതിയിൽ ഹാജർ കണക്കാക്കി വേതനം വിതരണം ചെയ്യേണ്ടതാണ്.

ഒപ്പ്

**രമേഷ് ആർ**
അസിസ്റ്റന്റ് രജിസ്ട്രാർ 1 (ഭരണ വിഭാഗം)

സ്വീകർത്താവ്

1. സെക്ഷനുകൾ/ സർവ്വകലാശാലാ പഠനവകുപ്പുകൾ
2. വൈസ് ചാൻസലർ/ പ്രൊ വൈസ് ചാൻസലർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
3. രജിസ്ട്രാർ/ പരീക്ഷാ കൺട്രോളർ/ ഫിനാൻസ് ഓഫീസർ എന്നിവരുടെ പി എ മാർ
4. എ.ആർ./ ഡി.ആർ/ ജെ.ആർ. (ഭരണവിഭാഗം/ പരീക്ഷാവിഭാഗം/ ധനകാര്യവിഭാഗം)
5. പി.ആർ.ഒ./ കണ്ടൻറ് മാനേജ്മെന്റ് സെക്ഷൻ/ സ്റ്റാറ്റിസ്റ്റിക്കൽ യൂണിറ്റ്/ ഐ.ക്യൂ.എ.സി.
6. റെക്കോർഡ്സ്/ സ്റ്റോക്ക് ഫയൽ/ ഫയൽ കോപ്പി/ ഡേ ഫയൽ

Draft #147 of File 26895/AD A1/3/2019/AD A 1 Approved by ASSISTANT REGISTRAR I (ADMIN) on 12-Oct-2021 04:03 PM - Page 1